(ബി) അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം ചിറ്റാർ (വി.സി.) റോഡിന്റെ വിവിധ അറ്റകുറ്റപ്പണികൾക്കായി 29.65 ലക്ഷം രൂപ ചെലവാക്കി.

(ഡി) അനുബന്ധം III ആയി ചേർക്കുന്നു.*

(ഇ) അനുബന്ധം IV ആയി ചേർക്കുന്നു.*

അങ്കമാലി ബൈപ്പാസ്

240 (4872) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇത് പ്രാവർത്തികമാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ;

(സി) അങ്കമാലി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്ക് കണക്കിലെടുത്ത് ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി ബൈപ്പാസ് നിർമ്മാണം PPP മാതൃകയിൽ നടപ്പാക്കുന്നതിനുള്ള കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ശക്തമായ കാലവർഷം കാരണം സർവ്വേ നടപടികൾ തടസ്സപ്പെട്ടതാണ് കാലതാമസത്തിനിടയാക്കിയത്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരറോഡു വികസനപദ്ധതി

241 (4873) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡു വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം നഗരറോഡുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കൽപ്പറ്റ നഗര റോഡ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും, കാൽനട യാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനട യാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ടു പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി) തിരുവനന്തപുരം നഗര റോഡുവികസന പദ്ധതി മിക്കവാറും പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡുവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള നഗര റോഡു വികസന പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൽപ്പറ്റ നഗര റോഡ് വികസന പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണം

242 (4874) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും തുക അനുവദിച്ചിരുന്നുവോ; എങ്കിൽ എത്ര തുകയാണനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണുള്ളതെന്നും, ആയതു ഇംപ്ലിമെന്റിംഗ് ഏജൻസിയായ വകുപ്പിന് കൈമാറിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly